ചൌധരി ജി. എസ്സ്. ധാരാസിംഗ്: സർ, ഈ ഉപക്ഷേപത്തെ ഞാൻ പിന്താങ്ങി ക്കൊള്ളുന്നു. മാട്ടതോട് ബണ്ടിനുള്ള പ്രാധാന്യത്തെപ്പറ്റി അവതാരകൻ ഇവിടെ പറഞ്ഞു കഴിഞ്ഞു. നാട്ടുമുറങ്ങളിൽ ഇങ്ങിനെയുള്ള തോടുകൾകൊണ്ടു് കൃഷിക്ക വളരെ അധികം ഗുണമുണ്ടാകയില്ലെന്നു എല്ലാവർക്കും അറിയാവുന്നതാണു്. ഉപ്പുവെള്ളം കേറാതിരിക്കുവാനും മഴക്കാലത്തു കെട്ടിനിൽക്കുന്നവെള്ളം കായലിലേക്കു് ഒഴിച്ചുകളയുവാനുമാണു് ഇങ്ങിനെയു ള്ള തോടുകൾ ഉപകരിക്കപ്പെടുന്നതു്. ഈ തോടുകളിൽ വേണ്ടസ്ഥലത്തു് ബണ്ടുകൾ ഉണ്ടാ ക്കി സ്ലൂസിട്ടു ശരിക്കു് നിവൃത്തിയില്ലെങ്കിൽ ഉപ്പുവെള്ളം കേറി നെല്ലുവിളയുന്ന എത്രയോ കൃഷിസ്ഥലങ്ങൾ നശിച്ചുപോകുന്നതു് നമുക്കു് അനുഭവപ്പെട്ടിട്ടുള്ള സംഗതിയാണു്. ഇ പ്പോൾ അടുത്തുതന്നെ പള്ളുരുത്തിയിൽ ഒരു തോടിനു ബണ്ടു് ഇടാത്തതുകാരണം എത്രയോ പറ നെല്ലു് നശിച്ചുപോയിട്ടുണ്ടു്. അവിടെ ഒരു ബണ്ടു് കെട്ടണമെന്നു് ആവശ്യപ്പെട്ടതിനു അടുത്തകൊല്ലം നടത്താം എന്നു ഗവൺമെണ്ടു് ഏറ്റിട്ടുണ്ടു്. അതുപോലെതന്നെ ചെല്ലാനത്തി നും കുമ്പളങ്ങിക്കുംമദ്ധ്യേ പത്തുമൂവ്വായിരപറക്കുള്ള നിലങ്ങളും കടൽവെള്ളം തിരയടിച്ചു കയറി ശരിക്കു് ഒലിച്ചുപോകുവാൻ നിവൃത്തിയില്ലാത്തവിധം നാട്ടതോടുകൾ താഴ്ത്താത്തതു കൊണ്ടു് ഉപ്പുവെള്ളം കെട്ടിനിന്നു കൃഷിമുഴവൻ നശിച്ചുപായിട്ടുണ്ടു്. കൂടാതെ മഴവെള്ളം കെട്ടിനില്ക്കുകകാരണം കൈവഴികളുള്ള നാട്ടതോടുകൾ താഴ്ത്തി ബണ്ടുകൾ ഇടാത്തതുനിമി ത്തവും ആ കൃഷി നശിച്ചുപോയിട്ടുണ്ടു്. ഇപ്പോൾ മൂന്നാമത്തെ വിതയാണു് അവിടെ നട ത്തിയിട്ടുള്ളതു്. ഇത്തവണയും അവിടെ കൃഷി നശിച്ചതായിട്ടാണു് അവിടെനിന്നു വന്ന ചി ല ആളുകൾ ഇന്നലെ പറഞ്ഞറിഞ്ഞതു്. കുമ്പളങ്ങി വില്ലേജിൽ നാട്ടതോടു് സംരക്ഷണത്തി നുവേറെ ര ുക. യാണു് കൊള്ളിച്ചിട്ടുള്ളതെന്നു കേൾക്കുമ്പോൾതന്നെ ഗ്രാമോദ്ധാരണവിഷ യത്തിൽ ഗവൺമെണ്ടിനു് എത്രത്തോളം പ്രാപ്തിയും നിഷ്കർഷയും ശ്രദ്ധയും ഉണ്ടെന്നു് നമുക്കു് വ്യക്തമായി മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ടു്. ഇങ്ങിനെ പണം വേണ്ട ആവശ്യത്തിനു കൊള്ളിക്കാതെ ഗ്രാമോദ്ധാരണത്തിനു ഒരു മന്ത്രിയേയും പ്രതിഷ്ഠിച്ചിരിക്കുന്നു. തള്ളക്കു് അടികിട്ടുമ്പോൾ പിള്ളയെ എടുത്തു തടുക്കുന്ന ഒരു ഏർപ്പാടാണിതു്. ശകാരങ്ങൾ ഉള്ളതു മു ഴുവൻ മന്ത്രിമാരെകൊണ്ടു കേൾപ്പിക്കുകയും വകുപ്പദ്ധ്യക്ഷന്മാർ അവരുടെ പുറകെയിരുന്നു ഞെളിയുകയുമാണ് പതിവു്. ഇനി ആ സൂത്രംവേണ്ട, ഗവൺമെണ്ടിനെകൊണ്ടുതന്നെ ശരി ക്കു ചെയ്യിക്കുവാനാണു് ഇന്നലെ ബുദ്ധിപൂർവ്വകമായ പ്രവൃത്തി ഇവിടെ നടന്നതു്. ശരി യായ ഗ്രാമോദ്ധാരണം ഇവിടെ നടപ്പാകണമെങ്കിൽ അതിലേക്കു വേണ്ടത്ര പദ്ധതികൾ ത യ്യാറാക്കി, ആവശ്യമുള്ള പണവുംകൊള്ളിച്ചു, നടപ്പിൽ വരുത്തുവാനുള്ള സർവ്വ അധികാരങ്ങ ളും മന്ത്രിമാരെ ഏല്പിച്ചു കൊടുക്കേണ്ടതാണു്. ഇന്നത്തെ നിലയിൽ ശകാരം മുഴവൻ കേൾ ക്കേണ്ടിവരുന്നതു് ബഹുമാനപ്പെട്ട മന്ത്രിമാരാണ്. പക്ഷെ, ഇപ്പോൾ ശരിക്കുള്ള അതിന്റെ ഉത്തരവാദികൾതന്നെ കേൾക്കുവാനിരിക്കുന്നതിൽ എനിക്കു സന്തോഷമുണ്ടു്. ആ ഉത്തരവാ ദികളായവർതന്നെ ഈവക ഉത്തരവാദിത്വം ഏറെറടുത്തു സമാധാനം പറയുവാൻ തുനിയു ന്നതും വളരെ സന്തോഷാവഹമാണു്.

ഇപ്പോഴുള്ള ര ുക. വളരെ കുറവാണു്. എത്രയോ സ്ഥലങ്ങളിൽ ഇതുപോലെയുള്ള നാട്ടതോടുകളുണ്ടു്. അവയുടെ പരിരക്ഷണത്തിനെല്ലാം ഈ ര ുക. ക്ക പകരം ര ു ല ക്ഷം ക. യോളം ചിലവു വേണ്ടിവരും. വാസ്തവത്തിൽ ഒരു വഴിപാടുപോലെയാണു് ഈ

LIBRARY ARCHIVES Kerala Legislative Assembly

ർക. കൊള്ളിച്ചിട്ടുള്ളതു്. ഇതു വെറും ബുദ്ധിമുട്ടുന്യമാണ്. ഇങ്ങിനെയുള്ള ഗ്രാമോദ്ധാരണം നമുക്കു് ആവശ്യമില്ല. ശരിക്കുള്ള പദ്ധതികൾ അനുസരിച്ചു് പണം ചിലവുചെയ്യുവാൻ ഉള്ള ഒരു ഗ്രാമോദ്ധാരണമാണു് നമുക്കാവശ്യം. ഈ സംഖ്യ വാസ്തവത്തിൽ ഈ ചിലവിനു മതിയാവാതെ ചിലവുചെയ്യാതെവെച്ചു lapse ആയി പോവുകയോ അല്ലാത്തപക്ഷം മറ്റു ടെമ്പററി ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുകയൊയാണു് സാധാരണ പതിവു്. വേണ്ടകാര്യങ്ങൾ നടക്കുകയുമില്ല. കൃഷിക്കുപയോഗമുള്ള സ്ഥലങ്ങളെല്ലാം ഉപ്പുവെള്ളം കേറാതെ സൂക്ഷിക്കുന്നതിനുള്ള സ്കീം നടപ്പാക്കുന്നതിനു പകരം നാട്ടുവിട്ടു കാടുകളിലേക്കു കയറി കാട്ടുകൃഷി നടപ്പാക്കുവാനുള്ള സ്കീമിനായി എത്ര ലക്ഷം ഉറുപ്പികയാണു് നഗിപ്പിച്ചിട്ടുള്ളതു്. അതാണു് ബുദ്ധിമുട്ടെന്നു ഞാൻ പറഞ്ഞതു്. പദ്ധതി അനുസരിച്ചു പ്രവർത്തിക്കാനുള്ള ആലോചനാശക്തി ഗവർമ്മെണ്ടിനില്ല. വേണ്ടത്ര സംഖ്യ ശരിക്കു് കൊള്ളിക്കുകയും ശരിക്കു് ഗ്രാമോദ്ധാരണപദ്ധതികളനുസരിച്ചു പ്രവൃത്തിക്കുവാനുള്ള മന്ത്രിമാർ ഉണ്ടാകുകയും ചെയ്താൽ—അതിനി പറഞ്ഞിട്ടു കാര്യമില്ല—ഗവർമ്മെണ്ടിൽനിന്നു ശരിയായ പദ്ധതികൾ അനുസരിച്ചു പ്രവൃത്തിക്കുവാൻ തയ്യാറുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്? അതു ഈ ഉപക്ഷേപകർത്താവു് വ്യക്തമാക്കീട്ടില്ലാത്തതിനാൽ അതുകൂടി വ്യക്തമാക്കികൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ ശക്തിയായി പിന്താങ്ങുന്നു.

Rao Sahib C. J. Mathew *(Secretary to Government):* Sir, the report received from the Director of Panchayats shows that there has never been a complaint till now from anybody, either from the Members of this House or from the local people about the inadequacy.

Mr. P. A. Mohamed Ashroff *(Cranganur):* The complaint is coming now.

Rao Sahib C. J. Mathew *(Secretary to Government):* So, if no adequate provision was made in the past, nobody complained it was inadequate, but after having received this motion, the Minister for Development who was very anxious that all local needs are met, wanted to convene a meeting of all the Panchayat Presidents and discuss with them the immediate needs of each locality and then distribute this Rs. 3,20,000 among the Panchayats in such a manner that their urgent needs would be catered to. Unfortunately, the Minister is no longer here to explain what he had in his mind, but I am positive if such a conference had been convened and distribution made according to the urgent needs of the different localities, a larger amount than Rs. 42 would have been set apart for this identical purpose. Now, I can assure the Hon'ble Member, in the absence of the Minister, subject to the limitations with which I can speak on behalf of the Transferred Subjects, that if the amount is inadequate, certainly it would be supplemented to the actual needs existing there.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: സർ, ചിറകളും സ്ലൂസും അവിടത്തെ ആവശ്യത്തിനനുസരിച്ചു് ഗവർമ്മെണ്ടു് ചിലവുചെയ്തു നന്നാക്കി ആ പ്രദേശത്തെ സംരക്ഷിച്ചുകൊള്ളാമെന്നു, തീത്തുപറയുകയാണെങ്കിൽ അതിനാവശ്യമുള്ള സംഖ്യ സപ്ലിമെൻറായിട്ടു.....

Rao Sahib C. J. Mathew *(Secretary to Government):* That is what I said; necessary amount will be utilised for the purpose.

Mr. P. T. Jacob *(Latin-Christians Mattancheri):* Then, I don't press this motion.

Motion, by leave, withdrawn

4. Foot-Path in the eastern side of the Chottanikkara temple

Mr. P. Mani (*Kanayanur*): I move to reduce the allotment of Rs. 10,40,060 for contribution to Village Panchyats in Demand No. 4 B by Re. 1. (To point out the necessity to form a foot path to cross the Puncha Nilam on the eastern side of Chottanikkara temple).

സർ, വളരെകാലം മുമ്പു മുതൽ, ക ൦ - ൨ ൦ കൊല്ലം മുമ്പു് മുതൽ ഈ പുഞ്ചനിലങ്ങളിൽകൂടി ജനങ്ങൾക്കു് ഗതാഗതം ചെയ്യാൻ ഒരു വഴിയുണ്ടാക്കിക്കൊടുക്കണമെന്നു് ഈ നിയമ സഭയിലും പുറത്തും വളരെ ബഹളം കൂട്ടിത്തുടങ്ങിയിട്ടുള്ളതാണു്. കഴിഞ്ഞ ബഡ്ഡറ്റ് സമ്മേളനത്തിൽ ഞാൻ തന്നെ ഇതിനു് ഒരു ഖണ്ഡനോപക്ഷേപം കൊണ്ടുവന്നിട്ടുണ്ടു്. അതിനുവേണ്ട സ്ഥലം ഗവർമ്മെണ്ടിൽനിന്നു് ൫ ൦ ൦-ൽ ചിലപ്രാനം ഉറുപ്പിക ചിലവാക്കി അകപ്പയർ ചെയ്തു ഒഴിവാക്കിയിട്ടുണ്ടു്. ക്ഷേണക്ഷാമംനിമിത്തം ഇതു് എന്റെ നാട്ടുകാർക്കു ഇതു ഒരു വിഷമം കൂടിയുണ്ടാക്കിയിട്ടുണ്ടു്. അതായതു് റേഷൻകട ചോറുണ്ണാനിക്കരെ അമ്പലത്തിനു് പടിഞ്ഞാറുഭാഗത്തായതുകൊണ്ടു് വർഷക്കാലത്തു് പുഞ്ചനിലം നീന്തിവന്നി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുവേണം റേഷൻ വാങ്ങിക്കുവാൻ. ഇതൊക്കെ ചൂണ്ടിക്കാണിച്ചാണ് കഴിഞ്ഞ തവണ ഇവിടെ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്. ഇതിനെ സംബന്ധിച്ചു ഈ ഗവമ്മെണ്ടു യാതൊരു നടപടിയും ഇതേവരെ എടുത്തിട്ടുള്ളതായി അറിയുന്നില്ല. ഞങ്ങൾക്കു് ഒരു റോഡു വേണമെന്നു് പറയുന്നില്ല. ഞങ്ങൾക്കു് വെള്ളം നീന്താതെ പടിഞ്ഞാറെക്കരയിലേക്കു പോകാനുള്ള ഒരു ഫൂട്ടു്പാത്തു് വേണമെന്നു് മാത്രമാണു് പറയുന്നതു്. അതു് ഒന്നുകൂടി ഗവമ്മേണ്ടിന്റെ ശ്രദ്ധയിൽ പെടുത്തിയാൽ മാത്രമേ ഇതിനു് വല്ല നിവാരണമുണ്ടാകയുള്ളു എന്ന ഉദ്ദേശത്തോടു കൂടിയാണു് ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചതു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു. ഇതിന്റെ ആവശ്യകതയെപ്പറ്റി ഇതിവിടെ അവതരിപ്പിച്ച ബഹുമാനപ്പെട്ട മെമ്പർ തന്നെ ഇവിടെ പറഞ്ഞുകഴിഞ്ഞു. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട ഗവമ്മേണ്ടിന്റെ ശ്രദ്ധ പതിഞ്ഞു കാണണമെന്നു് മാത്രം ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

Rao Sahib C. J. Mathew *(Secretary to Government)*: Sir, a sum of Rs. 5,000 has been provided for this item in the 3 year plan. But it is not included in the tentative list of works proposed to be undertaken next year. But if it is found to be very urgent certainly, that matter can be looked into.

മിസ്റ്റർ പി. മാണി: സർ, ഇതു് വളരെ അത്യാവശ്യമുള്ള കാര്യമാണു്. അതുകൊണ്ടു് ഈ ഉപക്ഷേപത്തിൽ പറഞ്ഞിട്ടുള്ള കാര്യം അടുത്ത കൊല്ലത്തിൽതന്നെ അനുവദിച്ചു തരണമെന്നുള്ള അപേക്ഷയോടുകൂടി ഇതു പിൻവലിക്കുന്നതിനു ഈ സഭയുടെ അനുമതി ആവശ്യപ്പെട്ടുകൊള്ളുന്നു.

Motion, by leave, withdrawn

5. Adequate provision for the maintenance of Panchayat roads

Mr. P. Mani (*Kanayannur*): I move to reduce the allotment of Rs. 10,40, 060 for contribution to Village Panchayat in Demand No. 4 B. by Re. 1. (To point out the unsatisfactory condition of Panchayat roads due to want of proper maintenance).

സർ, എന്റെ നിയോജകമണ്ഡലത്തിൽ ഉള്ള അനേകം പഞ്ചായത്തു റോഡുകൾ ഇന്നു് ആ സ്ഥാനങ്ങളിലുണ്ടോ എന്നു് വളരെ സംശയമാണു്. ആ റോഡുകളുടെ പ്ലാൻ മാത്രമേ കാണുകയുള്ളുവെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഏതാനും കൊല്ലങ്ങളായി ഈ റോഡുകളുടെ സംരക്ഷണക്കായി വല്ലതും ചിലവാക്കീട്ടുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്. വളരെക്കൊല്ലങ്ങളായിട്ട ഈ റോഡുകളുടെ കാര്യത്തിൽ ഇങ്ങിനെ ശ്രദ്ധിക്കാതിരിക്കുന്നതു കാരണം ഇന്നു ഈ റോഡുകൾ ഉപയോഗശൂന്യങ്ങളായിത്തിന്നിട്ടുണ്ടു്. ഇത്തരത്തിലാണെങ്കിൽ നമുക്കു ഈ പഞ്ചായത്തു റോഡുകൾ കൂടാതെയിരിക്കുകയാണു് നല്ലതെന്നാണു് എനിക്കു് തോന്നുന്നതു്. ഓരോ കൊല്ലത്തിലും ഈ റോഡുകൾ തെളിയിക്കുവാനും സംരക്ഷിക്കുവാനും ഉള്ള ചിലവിലേക്കുള്ള സംഖ്യ ബഡ്ജറ്റിൽ കൊള്ളിച്ചാൽ കൊള്ളാമെന്നാണു് എനിക്കു ഈ ഗവമ്മേണ്ടിനെ മനസ്സിലാക്കുവാനുള്ളതു്. ഇതിൽ കൂടുതലായി എനിക്കൊന്നും പറയാനില്ല. ഇതിലുംകൂടി ഗവർമ്മെണ്ടിന്റെ ശ്രദ്ധ ഒന്നു പതിഞ്ഞു കണ്ടാൽ കൊള്ളാമെന്നാഗ്രഹിക്കുന്നു.

മിസ്സിസ്സു് ടി. ഫ്രാൻസിസ്സു്: സർ, ഞാൻ ഈ കട്ടുമോഷനെ പിന്താങ്ങുന്നു. ബഹുമാനപ്പെട്ട മെമ്പർ അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലെ കാര്യംമാത്രം പറഞ്ഞു. പക്ഷെ, അതോടുകൂടി മറ്റു ചില റോഡുകളുടെ കാര്യംകൂടി പറയുവാനെനിക്കു അവകാശമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. മൂളവുകാടു വില്ലേജിൽ എനിക്കു എന്റെ പ്രൊഫഷനുവേണ്ടി പോകേണ്ട ആവശ്യമുണ്ടു്. എന്നു മാത്രമല്ല, മറ്റു പലപ്പോഴും അവിടത്തെ വഴിയിൽക്കൂടെ പോകേണ്ട പല ആവശ്യങ്ങളുമുണ്ടു്. എന്റെ ചെറുപ്പകാലത്തു അവിടെ ഒരു വെട്ടുവഴി ഉണ്ടായിരുന്നു. അതു റസിഡൻസിയുടെ തെക്കെ അറ്റംമുതൽ വടക്കോട്ടു അങ്ങെയറ്റംവരെ ഉണ്ടായിരുന്നു. അതു നല്ല ചരലുമാത്രമുള്ള മറ്റു കല്ലും കട്ടയും ഒന്നും ഇല്ലാത്ത സുഖമായിട്ടു നടക്കുവാൻ സാധിക്കുന്ന നല്ല വെട്ടുവഴി ആയിരുന്നു. ഇടയ്ക്കു് ഒന്നോ രണ്ടോ തോടുകൾ ഉണ്ടായിരുന്നെങ്കിലും മറ്റു ഉപദ്രവങ്ങൾ ഒന്നും ഇല്ലാതെ ഞങ്ങൾക്കു സുഖമായി നടക്കാമായിരുന്നു.

എന്നാൽ ഇപ്പോൾ അതു പഞ്ചായത്തു എറ്റെടുത്തതോടുകൂടി ഞങ്ങൾക്കതിൽക്കൂടി ഒരു വിധത്തിലും നടക്കാൻ പാടില്ലാതെ ആയിട്ടുണ്ടു്. വളരെ നാളായി കുറെ കട്ടക്കല്ലുകൾ അ

LIBRARY ARCHIVES Kerala Legislative Assembly

വിടെ കൊണ്ടുവന്നിട്ടിട്ട് അതു തല്ലിനിരത്തുകയൊ മറ്റൊ ഒന്നും ചെയ്തിട്ടില്ല. ഈ കൂത്തമൂത്ത കല്ലുകൾ കാലിൽ കൊണ്ടിട്ട വേദനകൊണ്ടു നടക്കാൻ യാതൊരു നിവൃത്തിയുമില്ല. ഞങ്ങൾക്കു ഈ റോഡിനേക്കാൾ ദേഹം പണ്ടത്തെ വെട്ടുവഴിതന്നെ ആണ്. പഞ്ചായത്തുകാരുടെ അടുക്കലാണോ ഗവൺമെണ്ടിന്റെ അടുക്കലാണോ ആരുടെ അടുക്കലാണ് ഇതിനെ കുറിച്ചു ആവലാതി പറയേണ്ടതെന്നതന്നെ മനസ്സിലാകുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ആ ഭാഗത്തില്ലല്ലൊ? അവരുടെ അധികാരം ഇപ്പോൾ ഗവൺമെണ്ടിന്റെ കയ്യിലേയ്ക്കുതന്നെ വന്നിട്ടുണ്ടല്ലൊ? അതിനാൽ ഗവൺമെണ്ടിൽനിന്നു ഈ കാര്യത്തിൽ വേണ്ട നടപടി എടുക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ ഈ കട്ട്മോഷനെ പിന്താങ്ങുന്നു.

മിസ്റ്റർ സി. എസ്സ്. പണിക്കർ: ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. കേവലം നിസ്സാരമായി ഇതിനെ പരിഗണിക്കാൻ പാടില്ലെന്നാണ് എനിക്കാദ്യമായി പറയാനുള്ളതു്. ഗ്രാമോദ്ധാരണ മന്ത്രി, ഗ്രാമീണരുടെ ആവശ്യത്തെ നിവ്വഹിച്ചു കൊടുക്കുകയാണ് പഞ്ചായത്തു റോഡുകൾകൊണ്ട് ഉദ്ദേശിക്കുന്നതെങ്കിൽ അതു് ഇന്നു നടക്കുന്നില്ല. പഞ്ചായത്തു റോഡുകളിൽക്കൂടി വാഹനങ്ങൾക്ക് ഗതാഗതം ചെയ്യുവാനോ, മനുഷ്യർക്ക് നടക്കുവാനോ പാടില്ല. കുറെനാൾ മുമ്പ് ഇരിങ്ങാലക്കുടയ്ക്കടുത്തു വള്ളിവട്ടം വില്ലേജിൽകൂടി ഞാൻ പോയിരുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: രാത്രിയിലായിരുന്നുവോ?

മിസ്റ്റർ സി. എസ്സ്. പണിക്കർ: രാത്രി നടക്കേണ്ട ആവശ്യം എനിക്കുണ്ടായിരുന്നിട്ടില്ല. പകൽ നടക്കേണ്ട ആവശ്യംതന്നെയായിരുന്നു. അവിടത്തെ ചില റോഡുകൾ അരയ്ക്കാപ്പം കുണ്ടുള്ളവയാണ്. മുണ്ടുടുത്തു നടക്കുവാനും ഷർട്ടിട്ടു നടക്കുവാനും സാദ്ധ്യമല്ലാത്ത വിധത്തിലാണ്. പഞ്ചായത്തു റോഡുകളെ സംബന്ധിച്ചു് പറയുകയാണെങ്കിൽ യുദ്ധം തുടങ്ങിയതിനുശേഷം വളരെ സൗകര്യകരം ബാധിച്ചിട്ടുണ്ട്. മറ്റു പബ്ലിക്കു് റോഡുകളെ ബാധിക്കാത്ത ഒന്നാണതു്. പബ്ലിക്കു് വർക്സ് ഡിപ്പാർട്ട്മെണ്ടിലെ നോട്ടത്തിലുള്ള റോഡുകൾക്കാണെങ്കിൽ ഇന്നത്തെ നിരക്കനുസരിച്ചു് എന്തു ചിലവു് വരുമെന്നും മറ്റും കണക്കാക്കി അതനുസരിച്ചുള്ള സംഖ്യ ചിലവു ചെയ്തു് നന്നാക്കാൻ സാദ്ധ്യമാകുമെന്നുള്ള ഒരു നിലയാണ് ആ വകുപ്പിൽ കാണുന്നതു്. എന്നാൽ പഞ്ചായത്തുകളിലാണെങ്കിൽ, മെയിൻറനൻസിനു് ഇത്രത്രുപ അനുവദിച്ചു കൊടുക്കുക എന്നാണ്. അതുകൊണ്ടു് എല്ലാ റോഡുകളും നന്നാക്കണം. പണ്ടുകാലത്തു് ഒരുറുപ്പിക ചിലവു ചെയ്തു് നന്നാക്കിക്കൊണ്ടിരുന്ന റോഡാണെങ്കിൽ ഇന്നു് നാലുറുപ്പിക ചിലവു വരുന്നുണ്ടെന്നു് ഗവൺമെണ്ടിന്റെ കയ്യിൽ കണക്കുണ്ടാകും. പഞ്ചായത്തു റോഡുകൾക്കു് ഇന്നു് നാലിരട്ടി കുഴപ്പം പറ്റിയിരിക്കുകയാണ്. ഒരുറുപ്പിക ചിലവാക്കുന്ന സ്ഥാനത്തു നാലുറുപ്പിക ചിലവാക്കേണ്ടതായി വന്നിട്ടുള്ളതിനു് പുറമെ പഞ്ചായത്തുകളുടെ അതൃത്തികളിൽ പുതിയതായ റോഡുകൾ വളരെ ഉണ്ടാകുന്നുണ്ടു്. ചിലവിന്റെ തോതനുസരിച്ചു് അതിന്റെ സംരക്ഷണ ചിലവു വർദ്ധിപ്പിച്ചു് വരുന്നതായി കാണുന്നില്ല. ചില ദിക്കുകളിൽ റോഡുകളെ സംബന്ധിച്ചു് പ്രത്യേകമായിട്ടു് സംഖ്യ ചിലവാക്കേണ്ടതായി കണക്കാക്കേണ്ടതുണ്ട്. ചാലക്കുടിയിൽ പുത്തുപ്പറമ്പിൽകൂടി മുക്കാൽ മൈൽ ദൂരത്തിൽ കുറക്കൻകുഴി റോഡ് എന്ന ഒരു റോഡുണ്ടു്. എന്നാൽ ആ റോഡിന്റെ പ്രാധാന്യം, അതിന്റെ പേർ പോലെയല്ല. എല്ലാ ഉദ്യോഗസ്ഥന്മാരും, സ്ത്രീകുട്ടികളും എന്നുവേണ്ട പൊതുജനങ്ങളിൽ ഒരു വലിയ വിഭാഗം പോകുന്ന വഴിയാണതു്. റെയിൽവെ സ്റ്റേഷനിലേക്കു് പോകാനുള്ള വഴിയാണ്. ആ വഴിയിൽക്കൂടി കാറിൽ ഒരിക്കൽ പോകുമ്പോൾ കാർ ഒരിക്കൽ കുഴിയിൽ അബദ്ധത്തിൽപ്പെട്ടുരുണ്ടായി. അഞ്ചാറുപേരുംകൂടി ശ്രമിച്ചിട്ടു തള്ളിക്കയറ്റുവാൻ സാധിച്ചില്ല. മന്ത്രി ചാലക്കുടിയിൽ വന്നു് താമസിക്കുന്ന കാലത്തു മന്ത്രിയെ ആ വഴിയിൽകൂടി കൊണ്ടുപോകുവാൻ ഞാനും നോക്കി. പക്ഷെ അതിന്റെ ആവശ്യം പറഞ്ഞു് മനസ്സിലാക്കയതിനാൽ അദ്ദേഹം കുഴിയിൽ ഇറങ്ങിയില്ല. ഈ സ്ഥിതിഗതികളെല്ലാം മാറ്റണമെന്നേ തല്ക്കാലം പറയുവാനുള്ളൂ. അതുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങികൊള്ളുന്നു.

* മിസ്റ്റർ പി. നാരായണമേനോൻ: സർ, ഞാൻ ഈ കട്ട്മോഷനെ പിന്താങ്ങുന്നു. പഞ്ചായത്തു റോഡുകൾ സാധാരണ യാചകന്മാരുടെ സന്താനങ്ങളെപോലെയാണ്. വേണ്ട സമയത്തു കുളിയില്ല, ഭക്ഷണമില്ല, വിദ്യാഭ്യാസമില്ല. ഇതൊന്നുംകൂടാത്ത ഒരു കാടൻ രീതിയിലാണ യാചകന്മാരുടെ സന്താനങ്ങൾ ജീവിക്കുന്നതു്. എന്താണ്ടു ആ ദുരവസ്ഥയാണ പഞ്ചാ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

യത്തു റോഡുകൾക്കുള്ളതു്. പക്ഷെ ആകെട്ടികളും പഞ്ചായത്തുറോഡുകളും തമ്മിൽ കുറച്ചൊരു വ്യത്യാസമുണ്ടു്. ഈ കുട്ടികൾ വളർന്നുകാണാറുണ്ടു്. എന്നാൽ ഈ റോഡുകൾ വളരുകയില്ല, ക്ഷയിക്കയാണു്. ചിലതു കാടുപിടിച്ചും, ചിലതു ഒലിച്ചുപോയും മറ്റും അതുക്ഷയിക്കയല്ലാതെ ഒരിക്കലും വളർന്കാണാറില്ല. വാസ്തവത്തിൽ ഈ റോഡുകൾ യാചകന്മാരുടെ കുട്ടികളെപോലെ ആയതിൽ അത്ഭുതമില്ല. പഞ്ചായത്തുകാർ ഈ റോഡുകളുടെ സംരക്ഷണത്തിനുവേണ്ടി യാചിക്കയാണു പതിവു്. എന്നാൽ അവയുടെ സംരക്ഷണത്തിന്നാവശ്യമായതുക കിട്ടാറില്ല. കിട്ടിയതുകൊണ്ടു അവർ ഒരുവഴിവാട്ടകഴിക്കും. യാചകന്മാരുടെ കുട്ടികളും ഇങ്ങിനെയാണല്ലൊ പതിവു്. വിചാരിക്കുന്നിടത്തോളം കിട്ടുകയില്ല. കിട്ടുന്നതനുസരിച്ചു അവർ ജീവിക്കയാണു പതിവു്. യാചിച്ചു കിട്ടുന്നതനുസരിച്ചു മാതാപിതാക്കൾ കുട്ടികൾക്കു കൊടുക്കും. അങ്ങിനെ അവർ വളർന്നുവരും. അതുപോലെ പഞ്ചായത്തുകൾക്കു അതാതു കാലത്തു കിട്ടുന്നതുകൊണ്ടു റോഡുകൾ നന്നാക്കുകയെന്നല്ലാതെ ശരിയായരീതിയിൽ നന്നാക്കാൻ സാധിക്കയില്ല.

മിസ്റ്റർ ജോസ് കെ. വട്ടിസ്: പ്രസിഡണ്ടൊ മെമ്പർമാരൊ യാചിക്കുന്നതു്?

മിസ്റ്റർ പി. നാരായണമേനോൻ: പഞ്ചായത്തെന്നു പറഞ്ഞാൽ അതിൽ ആരെല്ലാമുൾപ്പെട്ടുമെന്നു ബഹുമാനപ്പെട്ട മെമ്പർക്കറിയാൻ പാടില്ലാത്തതിൽ ഞാൻ വ്യസനിക്കുന്നു. പഞ്ചായത്തു റോഡുകൾക്കു ഇന്നത്തെ നിലയ്ക്കു കേടുപാടുകൾ തീർക്കുന്നതിനു പുതുതു വേണ്ടി വരുമെന്നു കണക്കാക്കുക. ആസംഖ്യ കൊടുക്കാനുള്ള വ്യവസ്ഥയുണ്ടാക്കുക. ഇതിനുമുമ്പു വിടെ പട്ടണങ്ങളിലെപോലെ വില്ലേജുകളിലുള്ളവർക്കും കടിക്കാനും കുളിക്കാനും ജലാശയം കൊടുക്കണമെന്നും, അതിനു പര്യാപ്തമായ ഒരു സ്കീമുണ്ടാക്കണമെന്നും പറഞ്ഞതുപോലെ ഈ റോഡുകളുടെ കാര്യത്തിലും ഒരു സ്കീമിന്റെ പോരായ്മയുണ്ടു്. ഇപ്പോൾ ഇതിനു സമാധാനം പറയേണ്ട ആളുകൾ അവിടെ ഇല്ലെങ്കിലും ഇതിനിനി ആരാണു ഉത്തരവാദികളെന്നുവെച്ചാൽ അവർക്കു ഇന്നു പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെന്റു റോഡുകൾക്കു അനുവദിച്ചുകൊടുക്കുന്നതിന്റെ പത്തിലൊന്നെങ്കിലും വരുന്ന ഒരുതുക പഞ്ചായത്തുറോഡുകൾക്കനുവദിച്ചുകൊടുക്കുന്നുണ്ടെന്നു പറയുവാൻ കഴിയുകയില്ല. എന്നാൽ ഒരു സ്കീമുണ്ടെങ്കിൽ പഞ്ചായത്തുറോഡുകളുടെ ദൈർഘ്യം എന്താണു്, എവിടെക്കെയാണു റോഡുകളുള്ളതു്, ഇന്നിന്നദിക്കിലാണു കേടുപാടുകളുള്ളതു്, അതിന്റെ കേടുപാടുകൾ തീക്കുന്നതിനു എന്തുതുക വേണം, പഞ്ചായത്തുകാർ ആവശ്യപ്പെടുന്ന തുക കൊടുക്കണോ, വേണ്ടയൊ എന്നൊക്കെ അറിയുവാൻ കഴിയും. ഓരോപഞ്ചായത്തിലും റോഡു സംരക്ഷണത്തിനുവേണ്ടി കൊടുക്കേണ്ടിവരുന്ന തുക എന്താണെന്നും കണക്കാക്കാൻ കഴിയും. എന്നാൽ ഇന്നു അതിനു് ഒരു സ്കീമില്ല, കണക്കില്ല, റോഡുകളുടെ കേടുപാടുകൾ ശരിക്കു തീക്കുമില്ല. ഈ സ്ഥിതിയിൽനിന്നു കുറച്ചൊന്നു മേലുപ്പെട്ടുത്തി മനുഷ്യർക്കു നടക്കാൻ പറ്റിയതരത്തിൽ — കാറിലൊന്നും പോകേണ്ട — കാലിനുവേദന കൂടാതെയിരിക്കത്തക്കനിലയിൽ, നടക്കുമ്പോൾ കുണ്ടിൽ ചാടാത്തനിലയിൽ, സംരക്ഷിക്കുന്നതിനാവശ്യമായതു കൊടുക്കണം. ഈ രാജ്യത്തിന്റെ സ്ഥിതി ഇന്നത്തേക്കാൾ നല്ലൊരു നിലയിലേയ്ക്കുയർത്തണം. അതുകൊണ്ടു ഇന്നത്തേക്കാൾ വളരെ വ്യത്യസ്ഥമായ ഒരു നിലവരുത്തുന്നതിനു അധികാരിയായ ആരും ആരായാലും ആ ആൾക്കു യാതൊരഭിപ്രായവ്യത്യാസവും ഉണ്ടാകയില്ലെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഇതിനെ പിന്താങ്ങുന്നു.

* മിസ്റ്റർ കെ. എസ്സ്. പണിക്കർ: പഞ്ചായത്തു റോഡുകളായി ആദ്യകാലത്തു് കുറച്ചു റോഡുകൾ മാത്രമെ ഉണ്ടായിരുന്നുള്ളു. ആ റോഡുകളിൽ ചിലതിന്റെ സംരക്ഷണത്തിനു് വേണ്ടി കുറച്ചു് പണം കൊള്ളിച്ചിട്ടുണ്ടു്. അതിനുശേഷം ഉണ്ടായ റോഡുകൾ സംരക്ഷണം ചെയ്യുവാൻ പണം വേണ്ടെന്നു് വെച്ചായിരിക്കുമൊ, അതിന്റെ സംരക്ഷണം വളരെക്കാലമായി ഇല്ലാതാക്കിയിട്ടുള്ളതു്. ഫാമൻ-ൽ ഉണ്ടാക്കിയ വഴികൾ, അന്നു് പണികഴിഞ്ഞു് പോന്നശേഷം കൈയ്യേറ്റം, കല്ലും, മണ്ണും കാണാതെ ഇന്നും ധാരാളമുണ്ടെന്നു് ഞാൻ പറയുന്നു. ചാഴൂർ പഞ്ചായത്തിൽപെട്ട പുല്ലുവള്ളി റോഡു് എന്ന ഒരു റോഡുണ്ടു്, ഏതാണ്ടു് മൂന്നു മൈലോളം നീളംവരുന്ന ആ റോഡിനു് സംരക്ഷണത്തിനു് വേണ്ടി ഫാമാക.യാണു് ആദ്യം അനുവദിച്ചുതന്നതു്. പിന്നീടു് ആ റോഡിൽ നുറുപ്പികകൊണ്ടു സംരക്ഷണപ്പണി നടത്തുവാൻ സാധിക്കുകയില്ലെന്നു് കണ്ടു് പബ്ലിക്കു് വർക്സ് ഡിപ്പാർട്ടുമെണ്ടു് ഏറ്റെടുക്കണമെന്നു് മുറവിളികൂട്ടിയതിന്റെ ഫലമായി പൊതുമരാമത്തുവകുപ്പു് അതേറ്റെടുത്തു. ഇപ്പോൾ കൊ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ല്ലം. തോറം എഞ്ചിനീറിൽ ചിലപ്പോൾ ഉറപ്പിക ചിലവു ചെയ്യുന്നുണ്ട്. അന്നു് ആറപ്പിക്കൊണ്ടു് സംരക്ഷിച്ചിരുന്ന റോഡു് ഇന്നു് വ ൦ ൦-ൽ ചിലപ്പോൾ ഉറപ്പിക ചിലവാക്കി സംരക്ഷിച്ചുവരുന്നുണ്ടു്. പഞ്ചായത്തു റോഡുകളുടെ സ്ഥിതിനോക്കുമ്പോൾ "നട്ടപ്പോഴും പറിച്ചുപ്പോഴും ഒരുകൊട്ട" എന്നൊരു പഴഞ്ചൊല്ലുണ്ടു്; അതുപോലെയാണു്. ആദ്യം കുറച്ചു് പണം ചിലവാക്കി വഴികളുണ്ടാക്കി. അതിന്റെ സംരക്ഷണത്തിന്നു് ഇന്ന സംഖ്യയെന്നു് മരുചെറിയതുകയും നിശ്ചയിച്ചു. എന്നാൽ അതിന്നു്ശേഷം വഴികൾ എത്ര വർഷിച്ചിട്ടുണ്ടു്? അതിന്നു് പ്രധാന്യം എത്രയുണ്ടു് എന്നെല്ലാം ഇതുവരെ ഗവമ്മെണ്ടു് മനസ്സിലാക്കിട്ടില്ല. വഴി സംരക്ഷണത്തിന്നു് നീക്കിവെച്ചിട്ടുള്ള പണം വളരെ പോരായ്മയാണെന്നുള്ളതാലോചിക്കുമ്പോൾ ഗവമ്മെണ്ടിനെ ആക്ഷേപിക്കാതിരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ടു് ഈവഴി സംരക്ഷണത്തിന്നു് നീക്കിവെച്ചിട്ടുള്ള പണം, വഴിയുടെ വലുപ്പവും, പണിയുടെയും ചിലവിന്റേയും തോതുംഅനുസരിച്ചു് വർദ്ധിപ്പിക്കണമെന്നു് ഗവമ്മെണ്ടിനെ മാമ്മിപ്പിച്ചുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

Mrs. Dakshayani Velayudhan (*Nominated*): Sir, as in the case of water supply the question of roads also will have to be referred to in that light. If there is a Panchayat road, the public including the Depressed Classes can use the road and if that road is not in proper condition, the people of other communities can go by other ways. Perhaps, they can go through the compounds of premises of the houses of other people. But there are so many difficulties to be undergone by Depressed Classes. Some people will not allow the Depressed Classes to use their compounds. So, only if the Government maintained the Panchayat roads in proper condition, this difficulty which encounters the Depressed Classes can be lessened, if not redressed fully. Even the representatives in this Council nominated from my community had to face or have to face the difficulties in travelling even through the roads maintained by public money. So, I need not mention about roads maintained by private agencies. So, it is the duty of the Government to see that the Panchayat Department maintains the roads in proper condition. If they cannot maintain roads with the amount allotted for that department it is the duty of the Government to see that due amounts are granted to that department so that the Village Panchayats can maintain the roads in proper condition. There is no use of accusing the Panchayat Department if there is no proper help coming from the Government. Therefore, I am not going to accuse the Panchayat Department althoug it may have certain drawbacks as all the other departments have. So it is the duty of the Government, and I impress once again upon them, to see that the roads maintained by the Panchayats should be kept in proper condition through the co-operation of the Government with the Panchayat Department, so that the people of my community are not placed in a difficult situation if they want to go to places where they have to go, at least for work to earn their livelihood. I know examples of places where the people of my community have to go round about for miles and miles whereas the people of other communities can reach the same destination very quickly as if by an electric lift. So, I support this motion strongly.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഇവിടെ എനിക്കു് മുമ്പു് പ്രസംഗിച്ചിട്ടുള്ള ചില സാമാജികന്മാർ ഇതിനെപ്പറ്റിവളരെ അധികം പറഞ്ഞിട്ടുണ്ടു്. ഈ പഞ്ചായത്തു വഴികളെ നല്ലവണ്ണം കണ്ടു മനസ്സിലാക്കാൻ സാധിക്കാവുള്ളതു് ഈ ഇലക്ഷൻ വക്കിനു് പോകുമ്പോഴാണു്. അപ്പോഴാണു് നാട്ടിൻ പുറങ്ങളിലെ കുണ്ടും കുഴിയുമുള്ള പഞ്ചായത്തു റോഡുകളിൽക്കൂടി ധാരാളം സഞ്ചരിക്കേണ്ടതായി വരാവുള്ളതു്. ആ അവസരത്തിൽ നാട്ടിൽ പുറങ്ങളിലെ ഈ കുകൾ ഞങ്ങളെ ആ കുണ്ടും കുഴിയും നിറഞ്ഞ റോഡുകൾ കാണിച്ചുതന്നു് അതു് നന്നാക്കിച്ചുകൊടുക്കാമെന്നു് പ്രതിജ്ഞചെയ്യിക്കാവുണ്ടു്. സാധാരണ കണ്ണില്ലാത്തതൊക്കെ പൊന്നാക്കാമെന്നു് പ്രതിജ്ഞചെയ്തിട്ടുവേണം നാട്ടുകാരുടെ വോട്ടുകൾ കരസ്ഥമാക്കാൻ. അങ്ങിനെയിരിക്കെ, ഇലക്ഷൻ വക്കിനു പോകുമ്പോൾ ഈ റോഡുകൾ നന്നാക്കിത്തരണമെന്നു് പറഞ്ഞാൽ ഞങ്ങൾക്കു് അതു കേൾക്കാതിരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ടു് ഇക്കാര്യത്തെപ്പറ്റി ഗവമ്മെണ്ടിനെ ധരിപ്പിക്കാതിരിപ്പാൻ നിവൃത്തിയില്ല. ഈ സ്ഥിതിയെക്കുറിച്ചു്, ഗവണ്മെണ്ടതന്നെ, ഈ കാര്യങ്ങളൊക്കെ ഉപേക്ഷിച്ചു് ഞങ്ങളുടെ കൂടെ ഒന്നു നടന്നുവന്നാൽ, നല്ലവണ്ണം നോക്കി മനസ്സിലാക്കാൻ സാധിക്കും. അതുകൊണ്ടു്, ഈ കാര്യത്തിൽ ഉടനടി ശ്രദ്ധപതിപ്പിച്ചു്, വില്ലേജുകളിലുള്ള കൃഷിക്കാർക്കും മറ്റും, ഈ പഞ്ചായത്തു റോഡുകളിൽക്കൂടി ശരിയായി നടക്കാനെങ്കിലും കഴിവുണ്ടാക്കി കൊടുക്കേണ്ടതാണു്. ഇന്നു് പഞ്ചായത്തു റോഡുകളുടെ സംരക്ഷണത്തിനുവേണ്ടി ഏറ്റവും നിസ്സാരമായ ഒരു തുകയാണു് നീക്കിവെച്ചിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

തെങ്കിൽ അതു കുറച്ചുകൂടി വർദ്ധിപ്പിച്ച് ഈ പണി ശരിയായി നടത്തിക്കണമെന്നാണ് എനിക്കു ഗവൺമെണ്ടിനോടു പറയാനുള്ളതു്. ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

Mr. P. K. Paul *(Chalakkudi)* : Sir, I support this motion. I am in full concurrence with the views expressed by the Hon'ble Members on the subject. Generally speaking the conditions of the Panchayat Roads are miserably poor. They are as bad as bad can be. Government will take serious notice of this fact and do all in their power to mend matters.

Rao Sahib C. J. Mathew *(Secretary to Government)*: Sir, there is considerable force in what the Hon'ble members stated about the unsatisfactory condition of the present Panchayat roads. There are two reasons for this. One is these roads, most of them, are unmetalled roads. During monsoons the sand spread over them move to the sides and they get slushy and when heavy traffic goes through such roads naturally they get deteriorated. Therefore unless they are given special repairs periodically, they cannot stand the heavy traffic. And for giving special repairs periodically to those roads it requires large amounts.

The other reason is this. The contribution for maintenance of these roads was fixed about 5 years ago. Government allotted a sum of Rs. 49,176 about 5 years ago, when the total mileage of the roads was about 812. Since then, *i.e.*, within the period of these 5 years they have increased 200 miles of road thus making it about 1025 miles. But the allotment made 5 years ago still remains with the result that for this increased mileage of the road no provision has been made for proper repairs.

Mr. Puthur Achutha Menon *(Kaltur)*: Even according to the original rates without taking into account the increased rate of maintenance?

Rao Sahib C. J. Mathew *(Secretary to Government)*: I am coming to that. Now taking into account the increased cost of materials and wages and all that, Government had given another 150 per cent contribution over and above the usual amount thus making a total provision of 73,764 rupees. But as I said before, no adequate provision has, as a matter of fact, been made for this increased mileage of road nearly about 200 miles. This fact was not pointedly brought to the notice of the Government. But, in the last Panchayat conference, a resolution was passed pointing out this necessity and that resolution was placed before the Minister and the Minister was pleased to order that adequate provision should be made for this increased length as well and that question is now engaging the attention of the Government, *i.e.*, to provide necessary allotment for this increased mileage of roads as well as for giving special treatment in cases where the roads have completely deteriorated. We have got to decide what should be this additional allotment required. That is why it is not provided in the Budget. But the Hon'ble Minister's intention was to move an additional allotment to meet this particular demand. Now having said what was the intention of the Hon'ble Minister in this respect I may assure the House that it will be implemented.

മിസ്റ്റർ പി. മാണി: സർ, ഈ അഞ്ചു കൊല്ലം മുമ്പ് വ ൦ ൦ മൈൽ റോഡ് ഉണ്ടായിരുന്നുള്ളുവെന്നും, പിന്നീടു ഇരുന്നൂറു മൈൽ കൂടി കൂടുതൽ റോഡ് പണിതിട്ടുണ്ടെന്നുള്ളതു് ഈ ഗവൺമെണ്ടിന്നു് നിശ്ചയമില്ലാതിരുന്നതുകാരണമാണു് അതിന്റെ സംരക്ഷണത്തിൽ ബഡ്ഡറിൽ പണം കാണിക്കാതിരുന്നതെന്നും ഗവൺമെണ്ടു ഭാഗത്തുനിന്നു് പറഞ്ഞ മറുപടിയിൽ ഞാൻ അത്ഭുതപ്പെട്ടുന്നു. അതിന്നു് വേണ്ട പണം ബഡ്ഡറിൽ ഉണ്ടാകണം എന്നു് ഗവൺമെണ്ടു് അറിയാതെ വന്നതിൽ ഞങ്ങൾ അതിശയിക്കുന്നു. നമ്മുടെ ഗവൺമെണ്ടിൽ ഇത്ര ചുമതലാബോധമില്ലാത്ത ഉദ്യോഗസ്ഥന്മാരാണു് കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ ഉള്ളതെങ്കിൽ ഈ ഗവൺമെണ്ടിന്റെ രക്ഷയെക്കുറിച്ചു് മറ്റൊന്നും പറയാനില്ല! പിന്നെ Heavy traffic ഇല്ലാത്ത റോഡുകളാണു് പഞ്ചായത്തിൽനിന്നും രക്ഷിക്കുന്നതെന്നു പറഞ്ഞു. എന്നാൽ Heavy traffic ഇല്ലെങ്കിലും മനുഷ്യർക്കു നടക്കാനെങ്കിലും പറ്റിയ മട്ടു പരിതസ്ഥിതിയിലായിരിക്കേണ്ടതല്ലെ എന്നു ഞാൻ ചോദിക്കുന്നു. റോഡു് നന്നാക്കിയാൽ അതിന്റെ Surface മാത്രം നന്നാക്കിയാൽ മതിയോ എന്നു് ഞാൻ ചോദിക്കുന്നു. സർ, ബസ്സുകളിൽ യാത്രചെയ്യുമ്പോൾ, താഴെ ബസ്സുകൾ അങ്ങോട്ടുമിങ്ങോട്ടും പോകുമ്പോൾ വഴിയരുകിൽ വളരുന്ന കരിങ്ങാലികളുടെ കമ്പുകൾ പലപ്പോഴും യാത്രക്കാരുടെ കണ്ണിനും, മൂക്കിനും അപകടം വരുത്തുന്നതായി ഞാൻ കണ്ടിട്ടുണ്ടു്. അതുകൊണ്ടു് ഇത്തരം അപകടങ്ങൾ ഉണ്ടാകാതിരിപ്പാൻ ആവക വൃക്ഷങ്ങളുടെ കൊമ്പുകളും മറ്റും റോഡു സംരക്ഷപണി നടത്തുന്നതിനോടൊപ്പംതന്നെ വെട്ടി നീക്കിച്ചു കളയേണ്ടതു് അത്യാവശ്യമാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ജോസ് കെ. വട്ടിസ്സ്: ഇന്നലെ അവസ trees വെയ്ക്കണമെന്നായിരുന്ന വാദം. ഇന്നതു് മാറിപ്പോയതെന്തു കൊണ്ടാണു്?

മിസ്റ്റർ പി. മാണി: അങ്ങിനെ മരങ്ങൾ വെക്കുകയാണെങ്കിൽ അതുകൊണ്ടു് ദോഷം വരാതിരിക്കാൻകൂടി ശ്രദ്ധിക്കണം. ഞാൻ അന്വേഷിച്ചപ്പോൾ വഴികളിൽ ഉള്ള അത്തരം വൃക്ഷങ്ങളുടെ തടസ്ഥങ്ങളില്ലാതിരിക്കത്തക്കവിധം, അതു വെട്ടിമാറ്റിക്കാനുള്ള അധികാരം പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെണ്ടിനാണെന്നാണു് മനസ്സിലായതു്. അതിനുള്ള അധികാരം ഏതു ഡിപ്പാർട്ടുമെണ്ടിനു ആയിരുന്നാലും അതു് പെയ്യുകാണുന്നില്ല. ഈ സംഗതിയെക്കുറിച്ചു് ഇവിടെ പറഞ്ഞു് ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തിയാലെങ്കിലും അതെങ്കിലും ഇക്കാര്യത്തിൽ ശ്രദ്ധിക്കും എന്നുവെച്ചു പറയുകയാണു്. ഇക്കാര്യത്തിൽ ഗവണ്മെണ്ടു് വേഗം ശ്രദ്ധപതിപ്പിച്ചു് അതെ, ഇതു പൊതുജനങ്ങളുടെ അത്യാവശ്യമായ ഒരു കാര്യമാണെന്ന മനസ്സിലാക്കി ഉടനെ വേണ്ടതു പ്രവർത്തിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഈ ഉപക്ഷേപത്തെ സഭയുടെ അനുമതിയോടുകൂടി ഞാൻ withdraw ചെയ്യുന്നു.

Motion, by leave, withdrawn

6. Provision of a higher amount for the Cranganur Panchayat

Mr. P. A. Muhamad Ashrof *(Cranganur):* Sir, I rise to move "To reduce the allotment of Rs. 1,04,060 for contribution to Village Panchayat in Demend No. 4 B by Re. 1.

(To urge upon the Government the necessity of giving more contribution from the State to Panchayats in Cranganur)

സർ, സ്റ്റെയിറ്റ് ബഡ്ജറ്റിൽനിന്നും കൊടുങ്ങല്ലൂരിലെ പഞ്ചായത്തിലേക്കു കൊടുക്കുന്ന lump sum പോര, അവിടത്തെ ആവശ്യത്തിനു് തികയുന്നില്ല, ഒരുപയോഗവും അതുകൊണ്ടു നടക്കുന്നില്ല എന്നു് ചൂണ്ടിക്കാണിക്കുവാൻവേണ്ടി മാത്രമാണു് ഈ ഉപക്ഷേപം ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. ഇവിടെ മന്ത്രിയായിരുന്ന ഡോക്ടർ എ. ആർ. മേനോന്റെ കാലത്തു് കൊടുങ്ങല്ലൂരിലെ സ്ഥിതിഗതികളെ പരിഗണിച്ചു് അവിടത്തെ ചെറിയ ചെറിയ ആവശ്യങ്ങൾക്കെങ്കിലും കുറച്ചു തുക ബഡ്ജറ്റിൽ കൊള്ളിക്കാറുണ്ടു്. അതു് ഞങ്ങൾക്കു് കിട്ടാറുണ്ടു്. അതനുഭവിക്കുവാനുള്ള ഭാഗ്യവും യോഗവും ഞങ്ങൾക്കുണ്ടായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട മന്ത്രിയായി മിസ്റ്റർ ടി. കെ. നായർ വന്നതോടുകൂടി അദ്ദേഹത്തിന്റെ ക്രമ്പുദ്ധി വെച്ചാലോചിച്ചു് ഒരു പദ്ധതി തയ്യാറാക്കി. അതു് പഞ്ചായത്തുകളുടെ വിസ്തീർണ്ണം, ജനസംഖ്യ ഇതൊക്കെ കണക്കാക്കി, ആ തോതനുസരിച്ചു് തുക വീതിക്കുവാനുള്ള ഒരു പദ്ധതിയായിരുന്നു. ആ തോതനുസരിച്ചു് ഈ lump sum-ൽനിന്നും വിസ്തീർണ്ണത്തിൽ വളരെ കുറവായ കൊടുങ്ങല്ലൂർ പഞ്ചായത്തിലേക്കു് ഏറ്റവും തുച്ഛമായ ഒരു സംഖ്യയാണു കിട്ടിയിരുന്നതു്. അതുകൊണ്ടു് വല്ല വിളക്കു വെയ്ക്കോ മറ്റൊ നടത്താമെന്നല്ലാതെ മനുഷ്യർക്കു് ഉപയോഗത്തിനു് പറയുന്ന യാതൊരു പണിയും നടത്തുവാൻ സാദ്ധ്യമല്ല. അതു ചെറിയ ഒരു സംഖ്യയാണു് ഞങ്ങൾക്കു കിട്ടിക്കൊണ്ടിരിക്കുന്നതു്. ആ പദ്ധതിതന്നെയാണു് ഇപ്പോഴും തുടർന്നുകൊണ്ടു പോകുന്നതു്. അതു് പറയുകയില്ല. അതുകൊണ്ടു് സാധാരണയായി ഒരു സുഖമില്ലാത്ത കുട്ടിക്കു് രക്ഷകർത്താക്കന്മാർ കൂടുതൽ പണം ചിലവാക്കി ശ്രദ്ധവെച്ചു് സംരക്ഷിക്കുന്നതുപോലെ ഞങ്ങൾക്കു് കൂടുതൽ സംഖ്യ അനുവദിച്ചുതന്നു് ഞങ്ങളെ രക്ഷിക്കണമെന്നു് ബഹുമാനപ്പെട്ട ഗവണ്മെണ്ടിനെ മനസ്സിലാക്കുവാനാണു് ഞാൻ ഈ ഖണ്ഡനോപക്ഷേപം ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്.

Rao Sahib C. J. Mathew *(Secretary to Government):* Sir, the funds available from the Principality did not admit of a bigger lump sum grant being given to the 2 Panchayats in the Cranganur Principality. But in spite of that, Government have been from time to time giving them contributions from the lump sum provisions of two lakhs and 3 lakhs provided every year to meet their requirements. It is also the intention of the Government in the next year's policy to give a bigger contribution from Rs. 3,20,000 set apart for the purpose and according to the needs and requirements of that Principality. I assure the Hon'ble Member that from this lump provision the requirements will be met.

Mr. P. A. Mohamad Ashrof *(Cranganur):* May I know, Sir, out of the 3 lakhs and odd what is the amount set apart for Cranganur?

LIBRARY ARCHIVES Kerala Legislative Assembly

Rao Sahib C. J. Mathew *(Secretary to Government)*: It is not exactly set apart now. With regard to this distribution of Rs. 3,20,000 the intention of the Minister was to convene a meeting of all the Presidents of the various Panchayats and to distribute it according to the actual needs of the locality. And if these Panchayats also proved their demand, necessary amounts would be given to them.

Mr. P. A. Mohamed Ashrof *(Cranganur)*: Sir, by this motion, I only wanted to point out the necessity of Cranganur and the sad plight in which we are placed. I do not propose to press my motion.

Motion, by leave, withdrawn

The demand of Rs. 11,28,897 under 4 Village Panchayats less Re. 1 was put and carried

2. 3-Panchayats—Cranganur

Rao Sahib C. J. Mahaw *(Secretary to Government)*: Sir, I move for a grant of Rs. 5,020 under 3 Panchayats—Cranganur. I request that the House be pleased to allow this grant.

CUT MOTION

Widening of Road

Mr P. A. Mohamad Ashrof *(Cranganur)*: Sir, I rise to move to reduce the allotment of Rs. 5,020 for Panchayats (Cranganur) in Demand No. 3 by Re. 1 to impress upon the Government the imperative necessity of widening and metalling the Eriyad High School road to connect the Padakulam Road.

സർ, ഇതൊരു ചെറിയ പഞ്ചായത്ത് റോഡാണ്. ഈ റോഡ് അല്പം വീതിക്കൂട്ടി കല്ലു വിരിച്ചു പടാകുളം റോഡുമായി ബന്ധിച്ചുകഴിഞ്ഞാൽ യാത്രക്കാക്കും വാഹനങ്ങൾക്കും വളരെ സൌകര്യമായിരിക്കും. ഇപ്പോൾ എറിയാട് ഹൈസ്കൂൾ ഭാഗത്തുനിന്നും പടാകുളം റോഡിലേക്കു പോകണമെങ്കിൽ അഞ്ചു നാഴികയിലധികം ചുറ്റിത്തിരിയണം, ഈ റോഡു നന്നാക്കുന്നപക്ഷം വഴിക്കു എളുപ്പമുണ്ടെന്നതന്നെയല്ല ഗ്രാമത്തിന്റെ ഉൾപ്രദേശങ്ങളിലേക്കു കുണ്ടിക്കാവശ്യമായ വളം മുതലായ സാധനങ്ങൾ കൊണ്ടുപോകുവാനും സൌകര്യമായിരിക്കും. ഈ റോഡു നന്നാക്കുന്നതിനാവശ്യമായ സ്ഥലം വിലകൂടാതെ തരാമെന്നു പലരും എന്നോടും ലോകമലേശ്വരം പഞ്ചായത്ത് പ്രസിഡണ്ടിനോടും സമ്മതിച്ചിട്ടുണ്ട്. അതുകൊണ്ടും ഗവൺമെണ്ടിനെ അറിയിച്ചിട്ടുണ്ട്. അങ്ങിനെയുള്ള ഔദാര്യമനഃസ്ഥിതി പ്രകടിപ്പിച്ചിട്ടുപോലും ഗവൺമെണ്ടു അതിൽ ശ്രദ്ധ പതിക്കുന്നില്ലെങ്കിൽ ആ നാട്ടുകാരുടെ കുറ്റമാണെന്നല്ലാതെ ഞാൻ എന്തുപറയട്ടെ. താമസംവിനാ ആ റോഡു വീതിക്കൂട്ടി വാഹനങ്ങൾക്കും ജനങ്ങൾക്കും സഞ്ചാരയോഗ്യമാക്കിത്തിക്കണമെന്നു ഞാൻ ഒന്നുകൂടി ഗവൺമെണ്ടിനെ അറിയിച്ചുകൊള്ളുന്നു.

Rao Sahib C. J. Mathaw *(Secretary to Government)*: Sir, a sum of Rs. 1,000 has been included in the tentative scheme for 3 years for this particular item of work. As I said before, if during the discussion with the Panchayat Presidents. it is considered that this work is of a very urgent nature then, it can be taken up next year. Anyhow I assure the Hon'ble Member that this matter will receive serious consideration at the hands of Government.

Mr. P. A. Mohamad Ashrof *(Cranganur)*: Already so many years have passed and we have been agitating for this. I request that it should be finished at least next year itself and should not be postponed for 3 years.

Rao Sahib C. J. Mathew *(Secretary to Government)*: I did not say that the work will be postponed for 3 years. I said if it is considered urgent on a discussion with the Panchayat Presidents it will be taken up immediately.

Motion, by leave, withdrawn

The demand of Rs. 5,020 under 3 Panchayats-Cranganur was put and carried

3. 41—Miscellaneous

Rao Sahib M. M. Paul *(Director of Food Supplies)*: Sir, I rise to move for an allotment of Rs. 24,53,970 under 41-Miscellaneous.

I beg leave of the House at this juncture to make a brief reference to a few salient facts regarding the food situation in the State during the current year. The World War came to a sudden end towards the close of last year (In August 1945). With the cessation of hostilities it

LIBRARY ARCHIVES Kerala Legislative Assembly